**പതിനാലാം കേരളനിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1894 — 15.07.2016 ന് മറുപടിയ്ക്ക്.

**കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷിക്കും മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും ഉപദ്രവം ചെയ്ത എത്ര കേസുകൾ കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ; എത്ര രൂപ നഷ്ടപരിഹാരമായി നൽകി എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ; | (എ) കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷിക്കും മനുഷ്യർക്കും വളർത്തു മൃഗങ്ങൾക്കും ഉപദ്രവം ചെയ്തതുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്യാറില്ല. നഷ്ടപരിഹരമായി നൽകിയ തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം | നഷ്ടപരിഹാരമായി അനുവദിച്ച തുക |
|---|---|---|
| തിരുവനന്തപുരം | 138 | 15,93,540 |
| കൊല്ലം | 217 | 20,65,311 |
| പത്തനംതിട്ട | 84 | 11,58,311 |
| ആലപ്പുഴ | 5 | 4,47,760 |
| കോട്ടയം | 28 | 11,51,732 |
| ഇടുക്കി | 415 | 39,69,479 |
| എറണാകുളം | 83 | 31,07,426 |
| തൃശ്ശൂർ | 169 | 11,44,610 |
| പാലക്കാട് | 436 | 77,43,703 |
| മലപ്പുറം | 213 | 29,18,000 |
| വയനാട് | 3840 | 1,94,39,111 |
| കോഴിക്കോട് | 165 | 12,40,937 |
| കണ്ണൂർ | 572 | 39,41,577 |
| കാസർഗോഡ് | 404 | 82,15,445 |

| | |
|---|---|
| (ബി) കാട്ടുമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങാതിരിക്കാൻ വനാതിർത്തിയിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ വനംവകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) കാട്ടുമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങുന്നത് തടയാൻ പ്രശ്നം രൂക്ഷമായി അനുഭവപ്പെടുന്ന മേഖലകളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വനാതിർത്തിയിൽ നിലവിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.<br>2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.<br>3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.<br>4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള നടപടികൾ.<br>5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.<br>6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.<br>7. പ്രശ്നക്കാരായ ആനകളെ പിടിച്ചു മാറ്റുന്നതിനുള്ള എലിഫന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.<br>8. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ.<br>9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ. |

10. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.

കാട്ടുമൃഗങ്ങൾ നാട്ടിലേക്കിറങ്ങാതിരിക്കാൻ സ്വീകരിച്ചു വരുന്ന മേൽനടപടികൾ കൂടുതൽ കാര്യക്ഷമതയോടെ തുടർന്നും നടപ്പിലാക്കുന്നതാണ്.

(സി) കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് പൂർണ്ണമായും തടയാൻ നടപടി സ്വീകരിക്കുമോ ?

(സി) കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയാൻ സാധ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ